**FRIDAY SERMON /വെള്ളിയാഴ്ച ഖുത്തുബ**

**HADHRAT MUHYI-UD-DIN AL-KHALIFATULLAH**

**MUNIR AHMAD AZIM**

**19 OCTOBER 2018**

**(09 SAFAR 1440 AH)**

# "PERFECTING GOOD MANNERS".

## പെരുമാറ്റ രീതികൾ സമ്പൂർണ്ണമാക്കുക

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **പെരുമാറ്റ രീതികൾ സമ്പൂർണ്ണമാക്കുക** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

നല്ല പെരുമാറ്റ രീതികൾ സ്വായത്തമാക്കുക എന്ന വിഷയത്തെ ആസ്പദമാക്കി ഇന്ന് നിങ്ങളോട് സംസാരിക്കുവാനാണ് ഞാനുദ്ദേശിക്കുന്നത്. എല്ലാ നല്ല മുസ്ലിംകളും നല്ല രീതിയിൽ പെരുമാറണം. അതിന് നല്ല സ്വഭാവം എന്താണെന്നും എങ്ങനെയാണ് അത് പ്രാവർത്തികമാക്കേണ്ടതെന്നും മനസ്സിലാക്കിയിരിക്കണം. നിത്യജീവിതത്തിൽ താൻ അനുഷ്ഠിക്കേണ്ട നല്ല പെരുമാറ്റ രീതികൾ ഒരു മുസ്ലിം അത്യാവശ്യമായും മനസ്സിലാക്കിയിരിക്കണം. ആദരീണമായ ഒരു ജീവിതം ഈ ഭൂമിയിൽ നയിക്കുവാൻ നല്ല പെരുമാറ്റരീതികൾ അത്യാവശ്യമായും മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഒരു മുസ്ലിം ഇത് തന്റെ പരിപാപനമായ ഉത്തരവാദിത്വമായി മനസ്സിലാക്കുകയും, അവന്റെ ഉന്നത ധാർമ്മിക മൂല്യങ്ങൾ ഇതിലാണ് ഉൾക്കൊണ്ടിരിക്കുതെന്നും അവൻ അറിയേണ്ടതുണ്ട്. ഈ ധാർമ്മിക മൂല്യങ്ങൾക്ക് പ്രത്യേകമായ പ്രാധാന്യമുണ്ട്. ഭൂമിയിലെ ജീവിതത്തിൽ സന്തോഷവും വിജയവും ലഭിക്കുന്നതിന് ഇത് വളരെ അത്യാവശ്യമാണ്. എന്നാൽ ഇതിനേക്കാൾ കൂടുതൽ മരണാനന്തരജീവിതത്തിൽ അവന് ലഭിക്കുന്നതാണ് എന്നതും അറിഞ്ഞിരിക്കേണ്ടതു തന്നെ. തങ്ങളുടെ പ്രിയ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) പറഞ്ഞിരിക്കുന്നു. ഏറ്റവും നല്ല സ്വാഭാവരീതികളോടെയാണ് ഞാൻ നിയോഗിതനായിരിക്കുന്നത് (മുസ്നദ് അഹ്മദ്) അദ്ദേഹം വീണ്ടും പറഞ്ഞു. അന്ത്യനാളിൽ എന്നോട് ഏറ്റവും അടുത്ത് ചേർന്നു നില്ക്കുന്നവരും, എന്റെ ഏറ്റവും പ്രീയപ്പെട്ടവരും, ഏറ്റവും നല്ല സ്വഭാവരീതികൾ സ്വായത്തമാക്കിയിട്ടുള്ളവരായിരിക്കും (തിർമിദി)

അദ്ദേഹത്തിന്റെ അനുചരന്മാർ ചോദിക്കുകയുണ്ടായി. സ്വർഗ്ഗത്തിൽ ജനങ്ങൾ പ്രവേശിക്കുവാനുള്ള ഏറ്റവും നല്ല കാരണങ്ങൾ എന്തൊക്കെയാണ്? പരിശുദ്ധപ്രവാചകൻ (സ) മറുപടിയായി പറഞ്ഞു. തഖ്വ ഉള്ളവരായിരിക്കും (ഭക്തി, നീതി, ഭയം, നല്ലപെരുമാറ്റം) (തിർമിദി) അതുകൊണ്ടാണ് മുസ്ലിംങ്ങൾ ധാർമ്മിക മൂല്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം നല്കേണ്ടത്. ഇഹലോകത്തും

പരലോകത്തും വിജയം വരിക്കുന്നതിന് ഈ നല്ല പെരുമാറ്റ രീതികൾ അനിവാര്യമാണ്. ഉന്നതമായ ഇസ്ലാമിക മൂല്യങ്ങൾ നാല് തൂണുകളിലായി സ്ഥാപിച്ചിരിക്കുന്നു. അവ നാലു ഹദീസുകളിലായി വിവരിച്ചിരിക്കുന്നു. ഈ ഓരോ ഹദീസും ഇസ്ലാമിക മൂല്യങ്ങളുടെ ഓരോ സ്തംഭങ്ങളാകുന്നു. അബൂഹുറൈറ(റ) നിവേദനം ചെയ്തിരിക്കുന്നു. നബി(സ) പറഞ്ഞു. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ, അവൻ നല്ല വാക്കു പറഞ്ഞുകൊള്ളട്ടെ! അല്ലെങ്കിൽ അവന് ഉത്തമമായത് മിണ്ടാതിരിക്കലാണ്, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ, അവൻ തന്റെ അയൽവാസിയോട് ദയാപുരസ്സരം പെരുമാറട്ടെ, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ, അവന്റെ അതിഥിയോട് നല്ല നിലയിൽ പെരുമാറട്ടെ(ബുഖാരി, മുസ്ലിം)

അബൂഹുറൈറ(റ) നിവേദനം ചെയ്തിരിക്കുന്നു. നബി(സ) പറഞ്ഞു. ഒരു വ്യക്തിയുടെ ഏറ്റവും നല്ല ഇസ്ലാം, കുടികൊള്ളുന്നത്, ആവശ്യമില്ലാത്ത കാര്യത്തിൽ അവൻ ഇടപെടാതിരിക്കുന്നതിലാണ് (തിർമിദി, ഇബ്നുമാജ, അഹ്മദ്)

അബൂഹുറൈറ(റ) നിവേദനം ചെയ്തിരിക്കുന്നു. ഒരാൾ നബി(സ) യോടു ഒരു ഉപദേശം ചോദിത്തു. അപ്പോൾ നബി(സ) മറുപടിയായി പറഞ്ഞു. നിങ്ങൾ കോപിക്കരുത്. പ്രസ്തുത മനുഷ്യൻ പ്രസ്തുത ചോദ്യം പല പ്രാവശ്യം ആവർത്തിക്കുകയുണ്ടായി. അപ്പോഴെല്ലാം നബി(സ) മറുപടി പറഞ്ഞത്. നിങ്ങൾ കോപിക്കരുത് എന്നാകുന്നു.

അനസ്ബ്ന് കലിക്ക്(റ) നിവേദനം നബി(സ) പറഞ്ഞു. തനിക്ക് ഉണ്ടാകുവാൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഉണ്ടാകുവാൻ ഇഷ്ടപ്പെടുന്നതുവരെ, നിങ്ങളിൽ ആരും തന്നെ വിശ്വാസിയാവുകയില്ല (ബുഖാരി, മുസ്ലിം) ഈ നല്ല സ്വഭാവങ്ങളാകുന്ന പ്രസ്തുത സ്തംഭങ്ങൾ ഒരു വിശ്വാസി തന്റെ നിത്യജീവിതത്തിൽ ഉയർത്തിയാൽ, അവനിൽ ഉന്നതമായ ധാർമ്മികത, ഈ ഉപദേശങ്ങൾ, അവനിലേക്ക് കൊണ്ടുവരുന്നതാണ്, അവൻ നല്ല നിലയിൽ ഇഹലോക ജീവിതത്തിലും പരലോകജീവിതത്തിലും വിജയിക്കുന്നതാണ്. ഈ പ്രവാചകവചനങ്ങളെ അടിസ്ഥാനപ്പെടുത്തി, നല്ല പെരുമാറ്റ രീതിയോടൊപ്പം മറ്റു ചില സ്തംഭങ്ങളും നമ്മുടെ ധാർമ്മിക മൂല്യങ്ങളെ കൂടുതലായി ഉയർത്തുന്നതിനും, വ്യക്തിത്വത്തെ സമ്പൂർണ്ണമാക്കുന്നതിനുള്ള രീതികളും, പെരുമാറ്റ മര്യാദകളും ഇസ്ലാമിൽ നമുക്കു കാണുവാൻ കഴിയും.

അല്ലാഹു(ത)യും അവന്റെ പ്രവാചകൻ(സ) യും നമ്മിൽ നല്ല തഖ്വ ഉണ്ടാക്കുന്നതിനുള്ള പ്രേരണ നല്കിക്കൊണ്ടിരിക്കുന്നു. നല്ല സത്യസന്ധതയും ധാർമ്മികതയും, നല്ല നിലയിൽ നേടുവാൻ, പ്രേരണ ചെലുത്തികൊണ്ടിരിക്കുന്നു. നല്ല പെരുമാറ്റം, അതാണ് ദൃഢമായ ഇസ്ലാമിക വിശ്വാസം. അത് ഒരുവനിൽ ആത്മാർത്ഥതയോടെ സൃഷ്ടിക്കേണ്ടതാണ്. ആയതിനാൽ നമ്മുടെ ജമാഅത്തിലെ അംഗങ്ങൾ ചുറ്റുവട്ടത്ത് ഒരു തിന്മയും സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. മാത്രമല്ല നാം നമ്മുടെ മനസ്സിനെ നിയന്ത്രിക്കേണ്ടതാണ്. നാം മറ്റുള്ളവർക്കു വേണ്ടി നല്ലതുമാത്രം വിചാരിക്കുക, നല്ലതുമാത്രം ചെയ്യുക. ആയതിനാൽ നാം നിർബന്ധമായും ചെയ്യേണ്ടുന്ന കാര്യങ്ങളാണ് താഴെ പറയുന്നത്

1. വ്യർത്ഥമായ സംസാരത്തിൽ നിന്നും നാവിനെ സൂക്ഷിക്കുക. അതായത് കിംവദന്തിപരത്തുക, മറ്റുള്ളവരെ അപമാനപ്പെടുത്തുക, പ്രയോജനരഹിതവും ഫലശൂന്യവുമായ സംസാരത്തിലേർപ്പെടുക തുടങ്ങിയവ. ഇവ ജല്പിക്കുന്ന നാവിന് എല്ലില്ലാത്തതാണ്. ഒരു വ്യക്തി എന്തു ആഗ്രഹിക്കുന്നുവോ അതനുസരിച്ച് അത് ചലിച്ചുകൊണ്ടിരിക്കും. പലപ്പോഴും വിഡ്ഢിത്തരങ്ങൾ പുലമ്പികൊണ്ടിരിക്കും, കള്ളങ്ങൾ തട്ടിവിട്ടുകൊണ്ടിരിക്കും, മോശം സ്വഭാവങ്ങളും പ്രകൃതിയും കാട്ടികൊണ്ടിരിക്കും. ഇവയൊന്നും തന്നെ അല്ലാഹു(ത) യെ പ്രീതിപ്പെടുത്തുന്നതല്ല. നിങ്ങൾ, അതുകൊണ്ട്, അനിവാര്യമായും, സംസാരിക്കേണ്ടതുണ്ടെങ്കിൽ മാത്രം സംസാരിക്കുക. അങ്ങനെ ആയാൽ നിങ്ങൾക്ക് മറ്റുള്ളവരെ ഉപദ്രവിക്കാതിരിക്കാം. വിഡ്ഢിത്തം പുലമ്പാതിരിക്കുകയും ചെയ്യാം!

നാവിനെ സംബന്ധിച്ച് പ്രവാചകൻ(സ) പറഞ്ഞു. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ ഒന്നുകിൽ നല്ല വാക്ക് പറഞ്ഞുകൊള്ളട്ടെ അല്ലെങ്കിൽ നിശബ്ദനായിരിക്കുന്നതാണ് അവന് നല്ലത്! (ബുഖാരി,മുസ്ലിം)

ഇതിൽ നിന്നും നമുക്ക് വ്യക്തമായും മനസ്സിലാകുന്നത് തങ്ങളുടെ നാവിനെ സൂക്ഷിക്കാത്തവൻ (അതായത് മോശം വാക്കുകൾ പറയുക, വ്യർത്ഥമായതു സംസാരിക്കുക) നല്ല ആളുകളിൽപ്പെട്ടവനല്ല എന്ന് മനസ്സിലാക്കുക. ആയതിനാൽ ഒരു വിശ്വാസി സംസാരിക്കുന്നതിനു മുൻപ് അവൻ നല്ല നിലയിൽ തയ്യാറാകണം, ചിന്തിക്കണം. പിന്നീട് ഖേദിക്കേണ്ടി വരുന്ന കാര്യങ്ങൾ സംസാരിക്കാതിരിക്കുവാൻ ആവശ്യമായ മുൻകരുതലുകൾ ഉണ്ടായിരിക്കണം. അങ്ങനെ ഖേദിക്കേണ്ടി വരുന്ന അത്തരം സംസാരങ്ങൾ അല്ലാഹുവിന്റെ വീക്ഷണത്തിൽ അത് തിന്മയായി രേഖപ്പെടുത്തിയിട്ടുണ്ടാകും. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നത് ശ്രദ്ധിക്കൂ. അല്ലയോ വിശ്വാസികളെ, അല്ലാഹുവിനെ ഭയപ്പെടുക. നല്ലതുമാത്രം സംസാരിക്കുക (അതായത് നീതിക്ക് നിരക്കുന്ന വാക്കുകളും, സത്യാധിഷ്ഠിത വാക്കുകളും(33:71) ആവശ്യമില്ലാത്ത ജിജ്ഞാസുവാകുന്നതിനെ കരുതിയിരിക്കുക. താത്പര്യാതിശയം (ജിജ്ഞാസ) തിന്മകളിൽ ഏറ്റവും താഴെകിടയിലുള്ളതാകുന്നു. ഒരു വിശ്വാസി തനിക്ക് ബാധകമല്ലാത്ത ഒരു കാര്യത്തിലും ഇടപെടാതിരിക്കുക. മാത്രമല്ല, ജിജ്ഞാസുവായ മനുഷ്യൻ, ആവശ്യമില്ലാതെയും, വിഡ്ഢിത്തപരമായും സംസാരിക്കുന്ന, ഒരു മോശം മാനസികാവസ്ഥ, വളർത്തി എടുക്കുന്നു. പ്രസ്തുത മനുഷ്യൻ ഒരിക്കലും ആദരവിന് അർഹനാകുന്നില്ല. വസ്തുത ഇതാണ്, അവന്റെ ജിജ്ഞാസയും അവന് ആവശ്യമില്ലാത്ത കാര്യത്തിലുള്ള ഇടപെടലുകളും, അവനെ നന്മയിൽ നിന്നും ബഹുദൂരം അകറ്റികളയുന്നു. എന്നാൽ അവൻ ഈ പറയപ്പട്ട എല്ലാ തിന്മകളിൽ നിന്നും അകന്നു പോയാൽ, അവൻ നല്ല നന്മകളുള്ള ഒരു മനുഷ്യനായി തീരുന്നതാണ്. നല്ല പെരുമാറ്റരീതി ഉള്ളവനായിരുന്നതാണ്. നല്ല ആദരണീയ വ്യക്തി ആയി തീരുന്നതാണ്. മര്യാദയുള്ളവനായി തീരുന്നതാണ്. സത്യസന്ധനായി തീരുന്നതാണ്. അങ്ങനെ അവൻ അല്ലാഹുവിനെ സ്നേഹിക്കുന്നവനായി തീരുന്നതാണ്. തീർച്ചയായും അവൻ വിശ്വാസികളുടെ വൃത്തത്തിലായി തീരു

ന്നതാണ്. കാരണം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) പറഞ്ഞു. തീർച്ചയായും ഒരു വ്യക്തിയിൽ ഇസ്ലാമിന്റെ മഹത്വം പ്രകടമാക്കുന്നത്, ആവശ്യമില്ലാത്ത കാര്യങ്ങളിൽ നിന്നും അവൻ ഒഴിഞ്ഞു മാറുന്നതിലൂടെയാണ് (തിർമിദി, ഇബ്നുമാജ, അഹ്മദ്

ഒരു വിശ്വാസി, തന്റെ കോപാവേശം, കീഴടക്കുന്നതു സംബന്ധമായി ബോധവനായിരിക്കണം. വിശ്വാസി കോപിഷ്ടനാകുമ്പോൾ, അവൻ വിഡ്ഢിത്തം പുലമ്പാൻ തുടങ്ങും. പിന്നീട് അവൻ അതു സംബന്ധമായി വളരെയധികം ഖേദിക്കേണ്ടി വരുന്നതാണ്. കോപം നല്ല കാര്യങ്ങളെ തിന്നുകളയുന്നതാണ്. തത്സമയം സാത്താൻ പ്രസ്തുത വ്യക്തിയുടെ പ്രവർത്തനങ്ങളിൽ മേൽക്കൈ നേടുന്നു. അങ്ങനെ അവന്റെ നന്മകളെ അവൻ തിന്മകളാക്കി മാറ്റുന്നു നല്ല പെരുമാറ്റവും നല്ല സ്വഭാവവും അവനിൽ നിന്നും ആട്ടിഓടിക്കപ്പെടുന്നു.

കോപത്തിനെതിരിൽ, അതിനെ പ്രതിരോധിക്കാനായി നമ്മുടെ പ്രിയ പ്രവാചകനായ മുഹമ്മദ് മുസ്തഫ(സ) അനേകം പ്രതിവിധികൾ നമുക്ക് നിർദ്ദേശിച്ചു തന്നിട്ടുണ്ട്. അതിൽപ്പെട്ട ഒരെണ്ണം നിങ്ങൾ നോക്കു! എനിക്കൊരു വാക്കറിയാം നിങ്ങളത് ഉച്ചരിച്ചാൽ, അവന്റെ കോപം പമ്പകടക്കുന്നതാണ്. പ്രസ്തുത വാക്ക് ശപിക്കപ്പെട്ട പിശാചിൽ നിന്നും, ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു എന്നതാണ്. (ബുഖാരി, മുസ്ലിം) മറ്റൊരു പ്രതിവിധി നിങ്ങളിൽ ആരേങ്കിലും കോപത്തിനടിമപ്പെട്ടാൽ, അവൻ നിശ്ശബ്ദനായിരിക്കട്ടെ (തിർമിദി, അബൂദാവൂദ്, അഹ്മദ്)

എന്നാൽ മുകളിൽ പറഞ്ഞ നിയമത്തിന്, ഒരു ഒഴിവുകഴിവുണ്ട്, വിശിഷ്യാ, അല്ലാഹുവിന്റെ കല്പനകൾ നടപ്പിലാക്കുന്ന കാര്യത്തിൽ (അതായത് എപ്പോൾ അല്ലാഹുവിന്റെ നിയമം ലംഘിക്കപ്പെടുന്നുവോ) ഇമാം ബുഖാരി (റ)യും ഇമാം മുസ്ലിം (റ) മറ്റു ഹദീസ് ഗ്രന്ഥത്തെ ക്രോഡീകരിച്ചവരും പ്രസ്തുത കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രവാചകൻ(സ) ഒരു കാര്യത്തിനും കോപിച്ചിട്ടില്ല എന്നാൽ അല്ലാഹുവിന്റെ നിരോധനങ്ങൾ അതിലംഘിക്കുമ്പോൾ, അദ്ദേഹത്തിന്റെ കോപത്തെ തടഞ്ഞുനിർത്തുവാൻ ഒന്നിനും കഴിയുമായിരുന്നില്ല.

വിശ്വാസി, ഹൃദയത്തിന്റെ ശാന്തത നേടുവാൻ, കഠിനമായി യത്നിക്കേണ്ടതാണ്. അവന്, ഒരാളോടും വിരോധമോ, ശത്രുതയോ അല്ലെങ്കിൽ മോശം വിചാരങ്ങളോ ഉണ്ടാകാൻ പാടില്ല. അത് വിശ്വാസികളോടായാലും ശരി, അവിശ്വാസികളോടായാലും ശരി! ഹൃദയം ഈമാന്റെ ഇരിപ്പിടമാണ്. അല്ലെങ്കിൽ ദൈവമല്ലാത്ത മറ്റൊന്നിനും അവിടെ സ്ഥാനമില്ല. അതാണ് രക്ഷിതാവ് മനുഷ്യനിലേക്ക് നോക്കുന്നത്! പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു. നിങ്ങളുടെ ശരീരങ്ങളിലേക്കോ, ബാഹ്യ പ്രകടനങ്ങളിലേക്കോ ദൈവം നോക്കുന്നില്ല. മറിച്ച്, അവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ് അദ്ദേഹത്തിന്റെ നെഞ്ചിലേക്ക് ചൂണ്ടി കാണിക്കുകയുണ്ടായി (മുസ്ലിം)

ഏതൊരുവൻ തന്റെ നെഞ്ചിൽ, മോശമായ വിചാരങ്ങൾ തന്റെ മുസ്ലിം സഹോദരനെതിരിൽ, അല്ലെങ്കിൽ, കുറെ വഞ്ചനാപരമായ ചിന്തകൾ, സൂക്ഷിക്കുന്നുവോ, അവന് നന്മ നിറഞ്ഞ സ്വഭാവം പ്രകടിപ്പിക്കുന്നവരിൽ ഉൾപ്പെടാൻ സാധിക്കുകയില്ല. കാരണം അവന്റെ ഹൃദയത്തിലുള്ള മാലിന്യവും, ദൂഷണ

വും, കളങ്കവും, വിമുഖതയും അവന്റെ പുറമെയുള്ള പ്രകടനത്തിൽ നിഴലിക്കുന്നതാണ്. തന്റെ ഹൃദയത്തിൽ മറച്ചുവെച്ചിരിക്കുന്നത് അവന്റെ മുഖത്ത് പ്രകടമാകുന്നതാണ്. മാത്രമല്ല പ്രവർത്തിയിലൂടെയും അത് വ്യക്തമാകുന്നതാണ്. നിശ്ചയമായും നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു. തീർച്ചയായും മനുഷ്യന്റെ ഉള്ളിൽ ഒരു മാംസക്കഷണമുണ്ട്, അതു നന്നായാൽ, ശരീരം മുഴുവൻ നന്നാകുന്നതാണ്, അതു ദുഷിച്ചാൽ, ശരീരം മുഴുവൻ ദുഷിക്കുന്നതാണ്. നിശ്ചയമായും അത് ഹൃദയമാകുന്നു (ബുഖാരി, മുസ്ലിം)

ആയതിനാൽ, നമ്മൾ ഓരോരുത്തരുടെയും മേൽ നിർബന്ധമാണ്, അതായത് വിശ്വാസികളുടെ മേൽ നിർബന്ധമായ കാര്യമാണ്, നമ്മുടെ ഇസ്ലാമിലെ സഹോദരന്മാരെ സ്നേഹിക്കുക എന്നത്! ഈ ലോകത്ത് അവർക്കായി നിങ്ങൾ ഏറ്റവും നല്ല ആശംസകൾ അർപ്പിക്കുക. പരലോകത്തേക്കും അവർക്കായി പ്രാർത്ഥിക്കുക. പ്രവാചക പ്രഭു മുഹമ്മദ് (സ) പറഞ്ഞു. തനിക്ക് വേണ്ടി എന്തു ആഗ്രഹിക്കുന്നുവോ അത് തന്റെ സഹോദരന് ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നതുവരെ, നിങ്ങളിൽ ആരും തന്നെ വിശ്വാസികളാവുകയില്ല(ബുഖാരി മുസ്ലിം)

അതുകൊണ്ട് നാം ഏറ്റവും നന്നായി പ്രവർത്തിക്കുക. ഞാനും, എന്റെ എല്ലാ പ്രീയ അനുചരന്മാരും ലോകമെങ്ങുമുള്ള മുസ്ലിംകളും, നല്ല പെരുമാറ്റ രീതി സ്വായത്തമാക്കുക. പ്രസ്തുത പെരുമാറ്റ സ്തംഭങ്ങൾ പടത്തുയർത്തുക. പ്രസ്തുത സ്തംഭങ്ങൾ നമ്മെ നേർവഴിയിൽ നടത്തുന്നതാണ്. നിങ്ങൾ നിങ്ങളിൽ സ്വയം നല്ല സ്വഭാവം/പെരുമാറ്റരീതി കൊത്തി വയ്ക്കുക. അങ്ങനെ ആയാൽ നിങ്ങൾ സത്യമായ മുസ്ലിംകളായി തീരുന്നതാണ്. അതെ സഹീഹിൽ ഇസ്ലാം (ശരിയായ ഇസ്ലാമിലെ യഥാർത്ഥ വിശ്വാസികൾ) അത് നിങ്ങളിൽ നിലനില്ക്കണമെങ്കിൽ, നിങ്ങൾക്ക്, അല്ലാഹുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ സാധിക്കുകയുള്ളു. നിങ്ങൾ അവനുമായി സ്വയം പറ്റി ചേർന്നു നില്ക്കുക. അത് നിങ്ങളുടെ പ്രാർത്ഥനകളിലൂടെയും, നിങ്ങളുടെ നല്ല പെരുമാറ്റ രീതികളിലൂടെയും.ആയിരിക്കട്ടെ! നിങ്ങളുടെ നല്ല പെരുമാറ്റം നിങ്ങളുടെ കുടുംബത്തോടും, നിങ്ങളുടെ അയൽവാസികളോടും, നിങ്ങളുടെ സ്നേഹിതരോടും, നിങ്ങളുടെ സഹപാഠികളോടും, നിങ്ങൾ ജീവിക്കുന്ന നിങ്ങളുടെ സമൂഹത്തോടും, പ്രവർത്തിയിലൂടെ കാണിക്കേണ്ടതാണ്. അല്ലാഹു(ത)യുടെ അധ്യാപനമനുസരിച്ച്, ഏറ്റവും നല്ല നിലയിൽ ജീവിക്കുക. അല്ലാഹു(ത) നിങ്ങളുടെ എല്ലാ ജീവിതരംഗങ്ങളിലും, ജീവിതത്തിലുടെ നീളം, നിങ്ങളെ സഹായിക്കുന്നതാണ്. ഇൻശാ അല്ലാഹ്! ആമീൻ

*Translated & Issued By :*
***R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***Ph : 9447001832, 6238065545***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***